ഉത്തരം

(എ) 31-5-2000 വരെ ഐ.ഡി.സി. (ഇന്റർസ്റ്റ് ഡ്യൂറിംഗ് കൺസ്ട്രക്ഷൻ) ഉൾപ്പെടെ 143.08 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പമ്പ് ഹൗസിന്റെയും ചാനലിന്റെയും വിയറിന്റെയും പുതുക്കിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(സി) പദ്ധതിക്ക് വേണ്ട ഭൂമിയുടെ 30% റവന്യൂ ഡിവിഷൻ ഓഫീസ് മുഖേന ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയുടെ സൈറ്റ് മഹസ്സർ പൂർത്തിയായി, ഭൂമി താമസിയാതെ വൈദ്യുതിബോർഡിന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി&ഇ) പദ്ധതി നടപ്പിലാക്കുന്നതിൽ വന്ന കാലതാമസം മൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി

92 (932) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ പുതിയതായി ഏതെല്ലാം 66 കെ.വി. 33 കെ.വി. വൈദ്യുതി സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എപ്പോൾ പ്രവർത്തന സജ്ജമാക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) അഞ്ചങ്ങാടി മേത്തല എന്നീ സ്ഥലങ്ങളിൽ 33 കെ.വി സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഞ്ചങ്ങാടി 33 കെ.വി സബ്സ്റ്റേഷൻ 2001 മാർച്ച് മാസം അവസാനം പ്രവർത്തന സജ്ജമാകുമെന്നു പ്രതീക്ഷിക്കുന്നു. മേത്തല സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലമെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

വൻകിട സഹകരണ പദ്ധതികൾ

93 (933) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വൻകിട സഹകരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് നടപ്പുവർഷം സഹകരണ കോർപ്പറേഷൻ സഹായം വാഗ്ദാനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) 'സംയോജിത സഹകരണ വികസന പദ്ധതി' എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംയോജിത സഹകരണ വികസന പദ്ധതി പുതിയ ജില്ലകളിൽക്കൂടി നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മറ്റു ചില പദ്ധതികൾക്കുകൂടി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായുള്ള നിർദ്ദേശം സഹകരണ കോർപ്പറേഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുമുണ്ട്.

(ബി) ഉണ്ട്.

(സി) വയനാട്, പാലക്കാട്, കോട്ടയം ജില്ലകളിൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പദ്ധതി അവസാന ഘട്ടത്തിലുമാണ്. മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടന്നു വരികയാണ്. പുതിയതായി കോഴിക്കോട്,എറണാകുളം ആലപ്പുഴ, കൊല്ലം ജില്ലകളിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടുകൂടി തിരുവനന്തപുരം ഒഴികെയുള്ള ജില്ലകൾ പദ്ധതിയിൻ കീഴിലാകും.

പുതിയ സഹകരണ നിയമത്തിനുള്ള ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി

94 (934) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സഹകരണചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകി കഴിഞ്ഞോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിലവിലുള്ള സഹകരണ വകുപ്പ് ഏതെല്ലാം വിഭാഗങ്ങളായി വേർതിരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ചട്ടങ്ങൾ സംബന്ധിച്ച ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly